# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2249

### 14-06-2019 ൽ മറുപടിക്ക്

### കിഫ്ബി മസാല ബോണ്ട്

| ചോദ്യം<br>ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) കിഫ്ബി മസാല ബോണ്ടുകൾ വാങ്ങിയിട്ടുള്ള പതിനാറ് കമ്പനികളുടെ വിശദാംശങ്ങൾ നൽകാമോ; ഇതിൽ ഓരോ കമ്പനിയും എത്ര ബോണ്ടുകളാണ് വാങ്ങിയതെന്ന് വെളിപ്പെടുത്താമോ; | അസറ്റ് മാനേജർസ്, ഇൻഷ്വറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിങ്, പ്രൈവറ്റ് വെൽത്ത് മാനേജർസ് എന്നീ വിവിധ ശ്രേണികളിൽ നിന്നായി 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കുവാൻ സാധിക്കൂ. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും RBI നിഷ്കർഷിക്കുന്ന KYC മാനദണ്ഡം പാലിച്ചുവന്നവരാണ്. ഈ നിക്ഷേപകരെ സംബന്ധിച്ച് കിഫ്ബിയിൽ ലഭ്യമായിട്ടുള്ള വിശദാംശങ്ങൾ ഇടപാട് നടന്ന ദിവസത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഇതിനു ശേഷം സെക്കന്ററി വിപണിയിൽ കച്ചവടം നടക്കാനുള്ള സാധ്യത കണക്കിലെടുത്താൽ, നിലവിൽ ഈ ബോണ്ടുകളുടെ ഉടമസ്ഥത ഇതേ നിക്ഷേപകർക്ക് തന്നെ ആകണമെന്നില്ല. |
| (ബി) ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ കിഫ്ബി മസാല ബോണ്ടുകൾ ലിസ്റ്റ് ചെയ്യപ്പെട്ടത് സെക്കന്ററി സെല്ലിങ്ങിന് വേണ്ടിയാണോ എന്ന് വെളിപ്പെടുത്താമോ; | കിഫ്ബിയുടെ മസാല ബോണ്ടുകൾ ഓഫറിങ് സർക്കുലറിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി സെക്കന്ററി വിപണിയിലും കച്ചവടം നടത്താവുന്നവയാണ്. ഇത് ബോണ്ട് കൈവശം വെച്ചിരിക്കുന്ന നിക്ഷേപകരുടെ വിവേചനാധികാരമാണ്. |
| (സി) കിഫ്ബി മസാല ബോണ്ടുകളുടെ കാലാവധി ഏതു ദിവസം മുതൽ ആരംഭിക്കുന്നുവെന്നും ഏതു ദിവസം അവസാനിക്കുമെന്നും വെളിപ്പെടുത്താമോ? | കിഫ്ബി മസാല ബോണ്ടുകളുടെ കാലാവധി 2019 മാർച്ച് 29 ന് തുടങ്ങി 2024 മാർച്ച് 28 ന് അവസാനിക്കും. |

സെക്ഷൻ ഓഫീസർ